LIBRARY ARCHIVES Kerala Legislative Assembly

നാളികേര-റബർ കർഷകർക്കുള്ള പദ്ധതികൾ

*5 [63] ശ്രീ. എൻ. ഡി. അപ്പച്ചൻ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എ. സുജനപാൽ:
,, കെ. ബാബു:
,, ജി. പ്രതാപവർമ്മതമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരം, റബർ എന്നീ കൃഷികളുടെ പുരോഗതിക്കും ഈ കൃഷിയിലേർപ്പെട്ടിരിക്കുന്നവരുടെ ഉന്നമനത്തിനുമായി കേന്ദ്രത്തിനു സമർപ്പിച്ച എന്തെല്ലാം പദ്ധതികൾ കേന്ദ്രപരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവ നടപ്പാക്കുന്നതുകൊണ്ട് സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെന്തെല്ലാം;

(സി) ഈ പദ്ധതികൾ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പദ്ധതികൾ അംഗീകരിക്കുന്നതു സംബന്ധിച്ച കേന്ദ്രത്തിന്റെ നിലപാട് വിശദമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി റീപ്ലാന്റേഷൻ നടത്തുന്നതിനും മരുന്നുതളി നടത്തുന്നതിനുമായി 1924.67 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രപരിഗണനയിലുണ്ട്. റബർ കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും റബർ ബോർഡാണ്. എന്നാൽ ലോക വ്യാപാര സംഘടനയുമായിട്ടുള്ള എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ഉണ്ടാകുന്ന വൈഷമ്യങ്ങൾ ദൂരീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കാൻ കേന്ദ്രഗവൺമെന്റിനോടു ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതി നടപ്പിലാക്കുന്നതിലൂടെ നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത ഉയർത്താൻ സാധിക്കും. അധികമായി 77 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. കൂടാതെ കയർ വ്യവസായം, നഴ്സറി വ്യവസായം മുതലായ മേഖലകൾക്ക് ഇത് ഗുണം ചെയ്യും.

(സി) മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) പദ്ധതി കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് അറിയുന്നു. ചർച്ചകളുടെ അടിസ്ഥാനത്തിൽ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകളുടെ cutting, removal and replantation പദ്ധതി അംഗീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.